ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 12.06.2025**

## പ്രധാനവാർത്തകൾ

1. സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിലും രാജ്യത്തിന്റെ സ്വാശ്രയത്വം മുന്നോട്ട് കൊണ്ടുപോകുന്നതിലും ഇന്ത്യൻ യുവതയുടെ പങ്ക് നിർണായകമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

2. കാർഷിക സ്വയംപര്യാപ്തത ലക്ഷ്യമിട്ട് കേന്ദ്ര കൃഷി മന്ത്രാലയത്തിൻറെ നേതൃത്വത്തിൽ രാജ്യ വ്യാപകമായി നടന്നുവരുന്ന വികസിത് കൃഷി സങ്കൽപ് അഭിയാൻ പരിപാടിക്ക് ഇന്ന് സമാപനം.

3. സ്കൂൾ സമയക്രമം മാറ്റിയ വിഷയത്തിൽ മുഖ്യമന്ത്രിയുമായി കൂടിയാലോചന നടത്തുമെന്നും പരാതി ഉന്നയിച്ചവരുമായി സംസാരിക്കാൻ തയ്യാറാണെന്നും മന്ത്രി വി.ശിവൻകുട്ടി.

4. ഇന്ന് ലോക ബാലവേല വിരുദ്ധ ദിനം.

5. സംസ്ഥാനത്ത് മഴയ്ക്ക് നേരിയ ശമനം. മഴ മുന്നറിയിപ്പ് നിലനിൽക്കുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾക്ക് ജാഗ്രതാ നിർദ്ദേശം.

6. എഫ്.ഐ.എച്ച് ഹോക്കി പ്രോ ലീഗിൽ, ഇന്ത്യൻ പുരുഷ ടീം ഇന്ന് അർജന്റീനയെ നേരിടും.

**********************************************

RNU TVPM

## പ്രധാനമന്ത്രി

സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിലും രാജ്യത്തിന്റെ സ്വാശ്രയത്വം മുന്നോട്ട് കൊണ്ടുപോകുന്നതിലും നവീന ആശയമുള്ള ഇന്ത്യൻ യുവതയുടെ പങ്ക് നിർണായകമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഡിജിറ്റൽ ഇന്ത്യ യുവാക്കളെ നൂതനാശയങ്ങൾ പ്രയോജനപ്പെടുത്താൻ പ്രാപ്തരാക്കി. കഴിഞ്ഞ 11 വർഷമായി ആഗോള സാങ്കേതിക ശക്തികേന്ദ്രമെന്ന നിലയിൽ ഇന്ത്യയുടെ സ്ഥാനം ശക്തിപ്പെടുത്താൻ ഇത് ഉപകരിച്ചതായും പ്രധാനമന്ത്രി സാമൂഹിക മാധ്യമ പോസ്റ്റിൽ വ്യക്തമാക്കി.

*************************************************

RNUTVPM

## വികസിത് കൃഷി സങ്കൽപ് അഭിയാൻ

വികസിത് കൃഷി സങ്കല്പ് അഭിയാൻ്റെ ഭാഗമായ കർഷക സമ്പർക്കപരിപാടി ഇന്ന് പൂർത്തിയാകും. കൊല്ലം ജില്ലയിൽ ഇന്ന് നെടുമ്പായിക്കുളം, ഇരവിപുരം എന്നീ കേന്ദ്രങ്ങളിലാണ് പരിപാടി. കൊല്ലം കൃഷിവിജ്ഞാനകേന്ദ്രത്തിലെ ശാസ്ത്രജ്ഞർ കർഷകരുമായി സംവദിക്കും. കൃഷിവിജ്ഞാനകേന്ദ്രം തയ്യാറാക്കിയ ലഘുലേഖകൾ കർഷകർക്ക് വിതരണം ചെയ്യും. കൃഷിയെ സ്വയംപര്യാപ്തമാക്കാൻ ലക്ഷ്യമിട്ട് മെയ് 29 നാണ് രാജ്യത്ത് വികസിത് കൃഷി സങ്കൽപ്പ് അഭിയാൻ ആരംഭിച്ചത്.

*************************************************

## പത്തനംതിട്ട - വികസിത് കൃഷി സങ്കൽപ്

പത്തനംതിട്ട ജില്ലയിൽ വികസിത് കൃഷി സങ്കൽപ് അഭിയാൻ സമാപന ദിവസമായ ഇന്ന് റാന്നി ബ്ലോക്ക് പഞ്ചായത്തിൻ്റെ പരിധിയിൽ ഉൾപ്പെട്ട റാന്നി അങ്ങാടി,

തോട്ടമൺ, ചിറ്റാർ, പഴവങ്ങാടി,വെച്ചൂച്ചിറ, നാറാണമൂഴി, സീതത്തോട് , വടശേരിക്കര, പെരുനാട് എന്നീ സ്ഥലങ്ങളിൽ ക്യാമ്പയിൻ നടക്കും. ജില്ലയിൽ ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ, ജില്ലാ കൃഷിവിജ്ഞാന കേന്ദ്രം, കൃഷിവകുപ്പ് എന്നിവ സംയുക്തമായാണ് ക്യാമ്പയിൻ സംഘടിപ്പിച്ചത്.

***********************************************************

## സ്കൂൾ സമയമാറ്റം (ഇൻട്രോ)

സ്കൂൾ സമയമാറ്റത്തിൽ വ്യക്തത വരുത്തി പൊതു വിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി. കോടതി നിർദ്ദേശാനുസരണം വിദഗ്ധ സമിതിയുടെ റിപ്പോർട്ടടിസ്ഥാനമാക്കിയാണ് ഹൈസ്കൂളുകളിൽ 15 മിനിറ്റ് വീതം രാവിലെയും വൈകിട്ടും അധികസമയം ക്രമീകരിച്ചത്. സമയക്രമം മാറ്റിയ വിഷയത്തിൽ മുഖ്യമന്ത്രിയുമായി കൂടിയാലോചന നടത്തുമെന്നും പരാതി ഉന്നയിച്ചവരുമായി സംസാരിക്കാൻ തയ്യാറാണെന്നും മന്ത്രി പറഞ്ഞു. ഗുണമേൻമയുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് നൽകുകയാണ് സർക്കാർ ലക്ഷ്യമെന്നും മന്ത്രി വ്യക്തമാക്കി.

(ഹോൾഡ്- വോയിസ്)

***********************************************************

## നിലമ്പൂർ ഉപതിരഞ്ഞെടുപ്പ് -പരിശീലനം

നിലമ്പൂർ നിയമസഭാ മണ്ഡലത്തിലെ ഉപതിരഞ്ഞെടുപ്പിന്റെ ഭാഗമായി 263 പോളിംഗ് സ്റ്റേഷനുകളിൽ വിന്യസിക്കേണ്ട പോളിംഗ്, പ്രിസൈഡിംഗ് ഓഫീസർമാർക്കുള്ള പരിശീലനം സംഘടിപ്പിച്ചു. 393 പ്രിസൈഡിംഗ് ഓഫീസർമാർക്കും 387 ഫസ്റ്റ് പോളിംഗ് ഓഫീസർമാർക്കുമാണ് പരിശീലനം

RNUTVPM

നൽകിയത്. നിയമം, ചട്ടങ്ങൾ, നിർദ്ദേശങ്ങൾ എന്നിവ പ്രകാരം കർശനമായി തിരഞ്ഞെടുപ്പ് നടത്തുന്നതിന് പോളിംഗ് ഉദ്യോഗസ്ഥർക്ക് വൈദഗ്ധ്യം നൽകാൻ ലക്ഷ്യമിട്ടായിരുന്നു പരിശീലനം.

***********************************************

## ബാലവേല വിരുദ്ധ ദിനം (ഇൻട്രോ)

ഇന്ന് ലോക ബാലവേല വിരുദ്ധ ദിനം. ബാലവേലയ്ക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനാണ് ജൂൺ 12 ലോക ബാലവേല വിരുദ്ധ ദിനമായി ആചരിക്കുന്നത്.

*"പുരോഗതി വ്യക്തമാണ്, പക്ഷേ ഇനിയും ചെയ്യാനുണ്ട്: ശ്രമങ്ങൾ വേഗത്തിലാക്കാം"*. എന്നാണ് ഈ വർഷത്തെ ബാലവേല വിരുദ്ധ ദിന പ്രമേയം. സംസ്ഥാന ബാലാവകാശ കമ്മീഷൻ ചെയർപേഴ്സൺ കെ.വി.മനോജ് കുമാർ ആകാശവാണിയോട്.

*(ഹോൾഡ് - വോയിസ്)*

RNU TVPM

***********************************************

## വി ശിവൻകുട്ടി-ബാലവേലവിരുദ്ധദിനം

കുട്ടികളുടെ ഭാവിയെ തകർക്കുന്ന കുറ്റമെന്ന നിലയിൽ ബാലവേലയെ ചെറുത്തുനിർത്തി എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസം ഉറപ്പാക്കുകയെന്നത് എല്ലാവരുടെയും ഉത്തരവാദിത്തമാണെന്ന് മന്ത്രി വി.ശിവൻകുട്ടി. ബാലവേല ഇല്ലാത്ത സമൂഹമാണ് നമ്മുടെ ലക്ഷ്യമെന്നും, ബാലവേല ശ്രദ്ധയിൽപെട്ടാൽ അധികൃതരെ അറിയിക്കണമെന്നും ബാലവേല വിരുദ്ധ ദിന സന്ദേശത്തിൽ മന്ത്രി പറഞ്ഞു.

***********************************************

## കപ്പൽ-തീയണയ്ക്കാൻ ശ്രമം തുടരുന്നു

ബേപ്പൂരിൽ നിന്ന് ഏകദേശം 42 നോട്ടിക്കൽ മൈൽ അകലെ തീപിടിച്ച സിംഗപ്പൂർപതാകവഹിച്ച കപ്പലിലെ തീ നിയന്ത്രിക്കാനുള്ള ശ്രമങ്ങൾ തുടരുന്നു, തീര രക്ഷാസേനയും വ്യോമസേനകളും തീകെടുത്താൻ ശ്രമം തുടരുന്നതായി അധികൃതർ പറഞ്ഞു. ഡ്രൈ കെമിക്കൽ എക്സ്റ്റിംഗുഷറുകൾ വിതറി തീ കെടുത്താനുള്ള ശ്രമം ആരംഭിച്ചു.

*******************************************************

## ഹോക്കി

നെതർലാൻഡ്സിൽ നടക്കുന്ന എഫ്.ഐ.എച്ച് ഹോക്കി പ്രോ ലീഗിൽ, ഇന്ത്യൻ പുരുഷ ടീം ഇന്ന് അർജന്റീനയെ നേരിടും. ഇന്ത്യൻ സമയം വൈകുന്നേരം 6:30 നാണ് മത്സരം. 11 മത്സരങ്ങളിൽ നിന്ന് 15 പോയിന്റുകൾ നേടിയ ഇന്ത്യ നിലവിൽ പോയിന്റ് പട്ടികയിൽ നാലാം സ്ഥാനത്താണ്.

RNU TVPM

*******************************************************

## ലോകകപ്പ് ക്രിക്കറ്റ്

ലണ്ടനിലെ ലോർഡ്സിൽ നടക്കുന്ന ഐ.സി.സി ലോക ടെസ്റ്റ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിൽ, ഒന്നാം ദിവസം കളി നിർത്തുമ്പോൾ ഓസ്ട്രേലിയയ്ക്കെതിരെ ദക്ഷിണാഫ്രിക്ക 4 വിക്കറ്റിന് 43 എന്ന നിലയിൽ. ഇന്ന് ദക്ഷിണാഫ്രിക്ക ഇന്നിംഗ്സ് തുടരും. ഒന്നാം ഇന്നിങ്സിൽ നിലവിലെ ചാമ്പ്യന്മാരായ ഓസ്ട്രേലിയ 212 റൺസിന് പുറത്തായിരുന്നു.

*******************************************************

## മഴ

സംസ്ഥാനത്തു ഇന്ന് മഴയ്ക്ക് നേരിയ ശമനം. ഇടുക്കിയിൽ ഹൈറേഞ്ചിൽ ഉൾപ്പെടെ മിക്കയിടങ്ങളിലും ഇന്നലെ രാത്രി മുതൽ നേരിയ മഴയാണ് ലഭിച്ചത്. മഞ്ഞ അലർട്ട് നിലനിൽക്കുന്ന കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ രാവിലെ വരെ മഴയുണ്ടായിരുന്നുവെങ്കിലും ഇപ്പോൾ പൊതുവെ തെളിഞ്ഞ കാലാവസ്ഥയാണ്. കണ്ണൂർ ,കൊല്ലം ജില്ലകളിലും ഇന്ന് മഴയ്ക്ക് ശമനമുണ്ട്. മഴ മുന്നറിയിപ്പുകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് അധികൃതർ നിർദേശം നൽകിയിട്ടുണ്ട്.

**************************************************

## ഇടുക്കി -മഴ (ഇൻട്രോ)

RNU TVPM

മഴ കനക്കുന്നതോടെ ഇടുക്കിജില്ലയിൽ ആദ്യം തുറക്കുന്ന അണക്കെട്ടുകളിൽ ഒന്നാണ് കല്ലാർകുട്ടി. വിനോദ സഞ്ചാരികളായി എത്തുന്നവർക്ക് കല്ലാർകുട്ടി അണക്കെട്ട് തുറന്ന് വെള്ളം പുറത്തേക്കൊഴുക്കുന്ന കാഴ്ച കൗതുകമുള്ളതാണ്. ചിത്രങ്ങൾ പകർത്തിയും മതിവരുവോളം കാഴ്ചകൾ കണ്ടുമൊക്കെയാണ് സഞ്ചാരികൾ ഈ സമയം ഇതുവഴി കടന്നു പോകാറുള്ളു.

വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി **രതീഷ് കൃഷ്ണ.....**

(വോയിസ്)

**************************************************

## പരീക്ഷാ കേന്ദ്രം മാറ്റം

കെ.എ.എസ് ഓഫീസർ തസ്കികയിലേക്ക് മറ്റന്നാൾ നടത്തുന്ന ഒ.എം.ആർ പരീക്ഷയ്ക്ക് തിരുവനന്തപുരം കോട്ടയം ജില്ലകളിലെ രണ്ട്

പരീക്ഷാ കേന്ദ്രങ്ങളിൽ മാറ്റമുണ്ടെന്ന് പി.എസ്.സി. അറിയിച്ചു. തിരുവനന്തപുരം വലിയതുറ സെൻറ് ആൻറണീസ് എച്ച്.എസ്.എസിലെ പരീക്ഷാ കേന്ദ്രം ലൂർദ് പുരം സെൻറ് ഹെലെൻസ് ജി.എച്ച്.എസിലേയ്ക്കും ഏറ്റുമാനൂർ ഗവൺമെൻറ് ഗേൾസ് എച്ച്.എസിലേത് ഏറ്റുമാനൂർ ഗവൺമെൻറ് വി.എച്ച്.എസ്.എസിലേയ്ക്കുമാണ് മാറ്റിയത്.

**********************************************************

## ഇടുക്കി- പോലീസുകാരൻ അറസ്റ്റിൽ

പോലീസ് സ്റ്റേഷനിൽ ഒളി ക്യാമറ വച്ച് ദൃശ്യങ്ങൾ പകർത്തിയ കേസിൽ പോലീസുകാരൻ അറസ്റ്റിൽ. ഇടുക്കി വണ്ടിപ്പെരിയാർ പോലീസ് സ്റ്റേഷനിലെ പോലീസുകാരൻ വൈശാഖാണ് പിടിയിലായത്. സ്റ്റേഷനോട് ചേർന്ന് വനിത പോലീസുകാർ വസ്ത്രം മാറുന്ന സ്ഥലത്താണ് ഒളി ക്യാമറ വച്ച് ദൃശ്യങ്ങൾ പകർത്തിയത്.

RNU TVPM

**********************************************************

## വയനാട് -ബസപകടം

വയനാട് കാട്ടിക്കുളം എയ്ഡ് പോസ്റ്റിന് സമീപം സ്വകാര്യ ബസും ടൂറിസ്റ്റ് ബസും കൂട്ടിയിടിച്ച് 85 പേർക്ക് പരിക്ക്. പരിക്കേറ്റ 12 പേരെ കാട്ടിക്കുളം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലും മുപ്പതോളം ആളുകളെ ഗവൺമെൻറ് മെഡിക്കൽ കോളേജിലും പ്രവേശിപ്പിച്ചു. ആരുടെയും നില ഗുരുതരമല്ല.

**********************************************************

## വനിതാ കമ്മീഷൻ - തുറന്നുപറച്ചിൽ

ട്രാൻസ് വിമൻ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി കേരള വനിതാ കമ്മീഷൻ

സംഘടിപ്പിക്കുന്ന തുറന്നുപറച്ചിൽ നാളെ തിരുവനന്തപുരത്ത് നടക്കും. വനിതാ കമ്മീഷൻ ചെയർപേഴ്സൺ പി. സതീദേവി ഉദ്ഘാടനം ചെയ്യും.

***********************************************

## ഇടുക്കി - മരണം

ഇടുക്കി കാഞ്ചിയാറിൽ പതിനാറ് വയസുകാരിയെ മരിച്ച നിലയിൽ കണ്ടെത്തി. കക്കാട്ടുകട സ്വദേശി ഉദയന്റെ മകൾ ശ്രീപാർവതിയാണ് മരിച്ചത്. വീടിന് പുറകിലത്തെ മുറിയിലാണ് മൃതദേഹം കണ്ടെത്തിയത്. മരണ കാരണം കണ്ടെത്താൻ പോലീസ് അന്വേഷണം തുടങ്ങി.

***********************************************

## ഇടുക്കി - കാട്ടുപന്നി ആക്രമണം

RNUTVPM

ഇടുക്കി നെടുങ്കണ്ടം മൈലാടുംപാറയിൽ കാട്ടുപന്നി ആക്രമണത്തിൽ യുവാവിന് പരിക്കേറ്റു. മൈലാടുംപാറ മാലികുടിയിൽ അനൂപ് ജോർജിനാണ് പരിക്കേറ്റത്. ഇയാൾ നെടുങ്കണ്ടം താലൂക്ക് ആശുപത്രിയിൽ ചികിത്സ തേടി.

***********************************************

## ഭൂമി ദേശീയ കോൺക്ലേവ്

സംസ്ഥാന റവന്യൂ, സർവെ, ഭൂരേഖാ വകുപ്പുകൾ സംയുക്തമായി സംഘടിപ്പിക്കുന്ന ഭൂമി ദേശീയ കോൺക്ലേവ് ഈ മാസം 25 മുതൽ 28 വരെ തിരുവനന്തപുരത്ത് നടക്കുമെന്ന് മന്ത്രി കെ രാജൻ അറിയിച്ചു. മുഖ്യമന്ത്രി പിണറായി വിജയൻ കോൺക്ലേവ് ഉദ്ഘാടനം ചെയ്യും. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള റവന്യൂ വകുപ്പ് മന്ത്രിമാരും റവന്യൂ-സെറ്റിൽമെൻറ് കമ്മിഷണർമാരും

സർവെ ഡയറക്ടർമാരും മറ്റ് മുതിർന്ന ഉദ്യോഗസ്ഥരും കോൺക്ലേവിൽ പങ്കെടുക്കും.

*********************************************************

## മെഡിക്കൽ കോളേജ് - സംഗമം

തിരുവനന്തപുരം മെഡിക്കൽ കോളേജ് അലംമ്നി അസോസിയേഷൻ്റെ ആഭിമുഖ്യത്തിൽ ക്യാമ്പസിൽ പുതുതായി നിർമ്മിച്ച പ്ലാറ്റിനം ജൂബിലി ആർച്ചിൻ്റെ ഉദ്ഘാടനവും വിരമിച്ച അധ്യാപകരെ ആദരിക്കുന്ന ചടങ്ങും ഇന്ന് നടക്കും. *"സംഗമം "* എന്ന പേരിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ മന്ത്രി വീണാ ജോർജ് മുഖ്യാതിഥിയാകും. പ്ലാറ്റിനം ജൂബിലി ആർച്ചിൻ്റെ ഉദ്ഘാടനവും മന്ത്രി നിർവഹിക്കും.

*********************************************************

RNU TVPM

## സ്വർണം-ഓഹരി

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 276 പോയിന്റ് നഷ്ടത്തിൽ 82,249 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 70 പോയിന്റ് കുറഞ്ഞ് 25,067 ലും വ്യാപാരം തുടരുന്നു.
സ്വർണവിലയിൽ വർധന. സ്വർണം ഗ്രാമിന് 80 രൂപ ഉയർന്ന് 9,100 രൂപയും, പവന് 640 രൂപ വർധിച്ച് 72,800 രൂപയുമാണ് ഇന്നത്തെ വില.

*********************************************************

******************************************************************************

*********************************************************